# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** — **29-08-2022 - ൽ മറുപടിയ്ക്ക്**

## മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ നാട്ടിലിറങ്ങി കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നത് കണക്കിലെടുത്ത് അവയ്ക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ വിളയുന്ന മരങ്ങൾ കാട്ടിൽ തന്നെ വച്ചുപിടിപ്പിക്കണമെന്ന നിർദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) | വന്യജീവികൾ നാട്ടിലിറങ്ങ കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്ന കണക്കിലെടുത്ത് അവയ്ക്ക് ഇഷ്ടപ്പെട്ട വിഭവങ്ങ വിളയുന്ന മരങ്ങൾ കാട്ടിൽ തന്നെ വച്ചുപിടിപ്പിക്കണമെന്ന പ്രത്യേക നിർദ്ദേശ ഉണ്ടായിട്ടില്ലെങ്കിലും വന്യജീവികൾക്കിഷ്ടപ്പെ ഫലവൃക്ഷങ്ങൾ കാട്ടിൽതന്നെ വച്ച്പിടിപ്പിക്കുന്നത് വന്യജീവിക നാട്ടിലേയ്ക്കിറങ്ങുന്നത് തടയാൻ കഴിയുമെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തി വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാ (ചക്ക), മാവ് (മാങ്ങ) മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ശോഷിച്ച വന പ്രദേശങ്ങളിൽ വ പിടിപ്പിക്കുന്നത് ഉൾപ്പെടെയുള്ള 620 കോട രൂപയുടെ 5 വർഷത്തേയ്ക്കുള്ള പദ്ധത സർക്കാർ പരിശോദിച്ചു വരുന്നു |
| (ബി) | വേനൽകാലത്ത് കാട്ടിനുള്ളിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വേനൽക്കാലത്ത് കാട്ടിനുള്ളിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്ന രീതിയിൽ ജലസ്രോതസ്സുകളും പുൽമേട്ടുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിലെ വന്യജീവികൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിന് ജലസ്രോതസ്സുകളുടെ പരിപാലനം, ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നിവയും ഉൾപ്പെടുത്തി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള പദ്ധതി സർക്കാർ പരിശോദിച്ചു വരുന്നു. കൂടാതെ 2021-22 സാമ്പത്തിക വർഷം 2406-02-110-68 കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി (സി.ബി.ഡി.), 2406-01-800-56 Measures to Reduce Man Animal Conflict (MRMAC) എന്നീ പദ്ധതികളിലും, 2406-02-800-357 പ്രോജക്ട് എലിഫൻറ് എന്ന കേന്ദ്രാവിഷ്കൃത |

| | | | |
|---|---|---|---|
| | | | പദ്ധതിയിലും ജലസ്രോതസ്സുകളുടെ പരിപാലനം, ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നിവയ്ക്ക് വേണ്ടി തുക വിനിയോഗിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷവും മേൽ പ്രവർത്തികൾക്കായി CBD, MRMAC സ്കീമുകളിലും തുക വകയിരുത്തിയിട്ടുണ്ട്. |
| (സി) | മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിദേശ ഇനം വൃക്ഷങ്ങളെ വനങ്ങളിൽ നിന്ന് നീക്കം ചെയ്ത് ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം-നയരേഖ - 2021 പ്രകാരം വ്യാവസായിക ആവശ്യത്തിനായി വച്ചുപിടിപ്പിക്കപ്പെട്ട യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ ഇനം വിദേശ വൃക്ഷങ്ങൾ വനങ്ങളിൽനിന്നും നീക്കം ചെയ്യുന്നതിനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് സ്വാഭാവികതയിലേയ്ക്ക് പുന:സ്ഥാപിക്കുന്നതിനും വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ